# ഒരു ഉള്ളിരേഖ

"പി.ജിക്ക് ഇഷ്ടപ്പെട്ട മതമേതാണെന്ന് വ്യക്തമാക്കാമോ? ജീവിതത്തിൽ ഒരു മതം തിരഞ്ഞെടുക്കേണ്ടി വന്നിരുന്നെങ്കിൽ ഏതായിരിക്കും തിരഞ്ഞെടുത്തിരിക്കുക?

ഒരു മതത്തിന്റെ ആവശ്യം ജീവിതത്തിലുണ്ടായിട്ടില്ല. പലതും വച്ചുനോക്കുമ്പോൾ ഏറ്റവും നല്ല മതം ഇസ്ലാം മതമാണെന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. പുണ്യഗ്രന്ഥങ്ങളിലേക്കും വച്ച് ഏറ്റവും നല്ലത് ഖുറാനാണെന്നാണ് എന്റെ അഭിപ്രായം. പിന്നെ ചിലരൊക്കെ പറയുന്നത് മാർക്സിസവും ഒരു മതമാണെന്നല്ലേ- അങ്ങനെയാണെങ്കിൽ അത് തന്നെയാണ് എന്റെ മതം. മതനിരപേക്ഷമായ ഒരു ധാർമികത അതിലൂടെ സാധ്യവുമാണ്."

('ഈശ്വരൻ, മതം, വിശ്വാസം'- പി. ഗോവിന്ദപിള്ള/ എൻ.ഇ സുധീർ- *സമകാലിക മലയാളം* വാരിക, ഓണപ്പതിപ്പ് 2008, പേജ് 287).

"രതി, പ്രണയം, വിശപ്പ്, പ്രതികാരം, പ്രതിരോധം എന്നിങ്ങനെ മതംമാറ്റത്തിന് അനേക കാരണങ്ങളുണ്ട്. മതദർശനങ്ങളെ സംബന്ധിച്ച് അഗാധമായ പഠനത്തിലൂടെയും താരതമ്യങ്ങളിലൂടെയും ഉണ്ടാവുന്ന ബോധ്യവും മതംമാറ്റത്തിനു കാരണമായി ഭവിക്കാം. ഒരു മതംമാറ്റം മക്കയിലേക്കുള്ള പാത (മുഹമ്മദ് അസദ്) പോലെ അസാധാരണമായ സർഗരചനക്കു കാരണമായിത്തീരാം. ഇത്തരം സാധ്യതകൾ അടച്ചുകളയുന്നതാണ് ഫാഷിസം. ഹിന്ദു തീവ്രവാദികൾ ബോധപൂർവം മറച്ചുവയ്ക്കുന്ന ഒരു കാര്യമുണ്ട്. ധാരാളം യോഗികളും സന്യാസികളും ഒക്കെ വിദേശ രാജ്യങ്ങളിൽ പോയി ക്രിസ്തീയ സഹോദരന്മാരെ അവരുടെ ആത്മീയ പാതയിലേക്ക് ആകർഷിച്ചുകൊണ്ടുവരുന്നുണ്ട്.

ഇതിനെ മഹത്വവത്കരിക്കുകയും ഹിന്ദുമതം വിട്ടുപോകുന്നത് മ്ലേഛമായി കാണുകയും ചെയ്യുന്നത് കാപട്യമല്ലാതെ മറ്റെന്താണ്?

അംബേദ്കറുടെ കാലഘട്ടത്തിൽനിന്ന് കാഞ്ച ഐലയ്യയുടെ കാലഘട്ടത്തിലെത്തുമ്പോൾ ദളിത് സ്വത്വവാദത്തിന് കുറേക്കൂടി മൂർച്ച കൂടുന്നു. ഞാൻ എന്തുകൊണ്ടൊരു ഹിന്ദുവല്ല എന്ന് എഴുതാൻ അംബേദ്കറിന് കഴിഞ്ഞില്ല. കാഞ്ചയ്ക്ക് കഴിഞ്ഞു. കാഞ്ച ഐലയ്യ ദളിതന്റെ നട്ടെല്ലു നിവർത്തിവച്ചുകൊണ്ടാണ് ഇങ്ങനെ കുറിച്ചത്:

ഒരു കുറുമ (ഇടയജാതി) കുടുംബത്തിൽ പിറന്ന എനിക്കെങ്ങനെയാണ് ചുറ്റിലും നിരന്തരം പരസ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ഹിന്ദുസംസാരവുമായി പൊരുത്തപ്പെടാൻ കഴിയുകയെന്ന് ഒരു പിടിയുമില്ല. സർക്കാരും ഭരണകൂടവുമൊക്കെ കൂറ്റൻ പരസ്യക്കമ്പനികളായിത്തീർന്നിരിക്കുന്നു.

സംഘപരിവാർ ദിവസവും ഞങ്ങളെ ഹിന്ദുക്കളെന്നു വിളിച്ച് അപമാനിക്കുന്നു. വാസ്തവം പറഞ്ഞാൽ അവരുടെ ആ കാവി-കുറി സംസ്കാരം കാണുന്നതുപോലും ഞങ്ങൾക്ക് അപമാനകരമാണ്."

('മതംമാറ്റം ഒരു പ്രതിരോധമാണ്', പി. സുരേന്ദ്രൻ, *മംഗളം* ദിനപത്രം 25.9.2008).

"'ഭീകരരുടെ ചെലവിൽ', ഭീകരതയുടെ സംശയമുദ്രകുത്തി പീഡിപ്പിക്കപ്പെടുന്ന വിഭാഗമായി മുസ്ലിം വിഭാഗത്തിൽപെട്ടവർ പൊതുവിൽ മാറിക്കൊണ്ടിരിക്കുകയാണ്. മതനിരപേക്ഷ മൂല്യബോധത്തിൽ മുന്നിൽ നിൽക്കുന്ന കേരളത്തിൽ പോലും, 'പഴയ തപാൽ ബോംബ്' കേസിൽ യഥാർഥ പ്രതിയെ പിടികിട്ടിയിട്ടും നിരപരാധികളായ പീഡിതരോട് ആരും മാപ്പ് പറഞ്ഞതായി അറിയില്ല. തപാൽ ബോംബ് കേസ്സിൽ, സംശയിച്ചറസ്റ്റ് ചെയ്ത മുസ്ലിം യുവാവിനോട്, 'മുസ്ലിമായ നിനക്ക് ബോംബുണ്ടാക്കാനറിയില്ലെന്ന് പറഞ്ഞാൽ ഞങ്ങളെങ്ങനെയത് വിശ്വസിക്കും?' എന്ന് പോലീസ് ചോദിച്ചതായാണ് പത്രവാർത്ത! അങ്ങനെചോദിച്ചതിന് ആ പോലീസുകാരനെ മാത്രം കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഭീകരത സംബന്ധിച്ച 'പത്രവാർത്തകൾ' നിരന്തരം വിമർശനരഹിതമായി വായിച്ചാൽ 'ആരും' അങ്ങനെത്തന്നെ ചോദിച്ചുപോകും! അവ്വിധമുള്ള ഒരവസ്ഥയാണ് ഇന്ന് പൊതുവിൽ ലോകത്തിലുള്ളത്. 'എല്ലാ മുസ്ലിംകളും ഭീകരരല്ലെങ്കിലും, ഭീകരരൊക്കെയും മുസ്ലിങ്ങളാണ് എന്നവിധത്തിലുള്ള സൗമനസ്യപ്രകടനങ്ങൾക്കടിയിലുള്ളത് 'ഇവരെ മുഴുക്കെ സൂക്ഷിച്ചുകൊള്ളുക' എന്നൊരു മുന്നറിയിപ്പാണ്! ഇവിടെ നിന്ന് സംഘ്പരിവാർ പ്രത്യയശാസ്ത്രത്തിലേക്ക് ദൂരം വളരെ കുറവാണ്!"

('കബീർ നല്ലവനാണ്, അവനൊരു മുസ്ലിമാണെങ്കിലും', കെ.ഇ.എൻ, *മാതൃഭൂമി* ആഴ്ചപതിപ്പ് 2008 ഒക്ടോബർ 5-11)

"തീർച്ചയായും, 'ഇസ്ലാംഭീകരതയ്ക്ക്' എതിരായ യു.എസ് -ഇസ്രയേൽ യുദ്ധത്തിലേക്ക് ഇന്ത്യ വലിച്ചിഴയ്ക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയുടെ വിദേശനയത്തിൽ ഇത്രത്തോളം ഗുരുതരമായ വ്യതിയാനം വരുത്തിയതിന്റെ ഏക ഉത്തരവാദി മൻമോഹൻ സിങ് സർക്കാറാണ്. ഇതു രാജ്യത്തിന്റെ സ്ഥിരതയ്ക്കും സുരക്ഷയ്ക്കും കനത്ത ആഘാതം സൃഷ്ടിക്കും. പരമ്പരാഗതമായി ഇന്ത്യയോട് സൗഹാർദത്തിലായിരുന്ന മുസ്ലിംലോകത്തെ നമ്മിൽനിന്ന് അകറ്റിയിരിക്കുകയാണ്.

അഫ്ഗാനിസ്ഥാനിലും ഇറാഖിലും നടത്തുന്ന പൈശാചികമായ നരമേധം അമേരിക്കയെ ഇസ്ലാമികലോകത്തിന്റെ വെറുപ്പിനു പാത്രമാക്കി. യു.എസ് അധിനിവേശം 10 ലക്ഷം ഇറാഖികളെയാണ് കൊന്നൊടുക്കിയത്. മുസ്ലിം ലോകത്തെ കീഴടക്കാനുള്ള അമേരിക്കൻ പദ്ധതിക്ക് ഇന്ത്യ അനുചരനായി നിന്നുകൊടുക്കുന്നത് എന്തിനാണ്? അമേരിക്കയുടെയും ഇസ്രയേലിന്റെയും പങ്കുകാരനായി മാറി ഇന്ത്യ മാന്യത കളഞ്ഞു കുളിക്കുന്നത് എന്തിനാണ്?"

('മൻമോഹൻ അഭിനവ സീസർ', എം.കെ ഭദ്രകുമാർ, *ദേശാഭിമാനി* 2008 ഒക്ടോബർ 7)